# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2649 19.12.2012-ൽ മറുപടിയ്ക്ക്

## അമലാപുരം - തട്ടുപാറ കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. പി.ജെ ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) |

(എ) അങ്കമാലി നിയോജകമണ്ഡ ലത്തിലെ അയ്യമ്പുഴ പഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹ രിക്കുന്ന തിനായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2 കോടി 62 ലക്ഷം രുപ അനുവദിച്ച അമലാപുരം - തട്ടുപാറ കുടിവെള്ള പദ്ധതിയുടെ നിജസ്ഥിതി വിശദമാക്കുമോ ;

(എ) അമലാപുരം - തട്ടുപാറ കുടിവെള്ള പദ്ധതിയ്ക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നല്കി (262 ലക്ഷംരൂപയ്ക്ക്) 5 പാക്കേജുകളായി തിരിച്ചിട്ടുണ്ട്. ഓരോ പാക്കേജുകളുടെയും തൽസ്ഥിതി ചുവടെ ചേർക്കുന്നു.

i. പാക്കേജ് - I : (ഇൻ ടേക്ക് വെൽകം പമ്പ് ഹൗസ്) ഇതിന്റെ എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു. താമസിയാതെ ദർഘാസ് നടപടികൾ ആരംഭിക്കുന്നതാണ്.

ii) പാക്കേജ് - II : 2 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതല സംഭരണിയുടെ നിർമ്മാണത്തിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

iii) പാക്കേജ് - III : ( 30 H.P, 2 Nos പമ്പ് സെറ്റുകൾ സ്ഥാപിക്കൽ) ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. കിണറിന്റെ പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ഇവ സ്ഥാപിക്കുവാൻ കഴിയൂ.

iv) പാക്കേജ് - IV : 1.5 പ്രഷർ ഫിൽട്ടർ ക്ലോറിനേറ്റർ സ്ഥാപിക്കുന്നതിനായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. ഇത് സ്ഥാപിക്കേണ്ടത് കിണറിന്റെ

സമീപത്തുള്ള പരിമിതമായ സ്ഥലത്തായതിനാൽ കിണറിന്റെ പണി പൂർത്തികരിച്ചിട്ട മാത്രമേ കഴിയു.

v) പാക്കേജ് V : (വിതരണ ശൃംഖല) ഇതിന്റെ ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

| | |
|---|---|
| (ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) 2014-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ